**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **13-09-2023 - ൽ മറുപടിയ്ക്ക്**

**നേത്ര പരിശോധനയ്ക്കുള്ള അടിസ്ഥാന യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ കണ്ണാശുപത്രികളിലും കണ്ണട വ്യാപാര സ്ഥാപനങ്ങളിലും നേത്ര പരിശോധന നടത്താൻ നിയമപരമായി നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | **അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എസ്.സി ഒപ്റ്റോമെട്രി അല്ലെങ്കിൽ ഡിപ്ലോമ ഇൻ ഒഫ്താൽമിക്ക് അസിസ്റ്റന്റ് കോഴ്സ് (DOA) പാസ്സ് ആയിരിക്കണം. കേരളാ പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കണം .** |
| (ബി) | യു.ജി.സി.-യോ, പി.എസ്.സി.-യോ അംഗീകരിക്കാത്തതും പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ ബി.എസ്.സി ഒപ്റ്റോമെട്രി, ഡിപ്ലോമ ഇൻ ഒഫ്താൽമിക് അസിസ്റ്റന്റ് (ഡി.ഒ.എ.) എന്നീ കോഴ്സുകൾ അനധികൃതമായി നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാല, സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, പി.എസ്.സി തുടങ്ങിയവ അംഗീകരിക്കാത്തതും, സംസ്ഥാന പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന വിവിധ സ്ഥാപനങ്ങൾ അനധികൃതമായി സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നതായുള്ള നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളാ ആരോഗ്യ സർവ്വകലാശാലയുടേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റേയും അംഗീകാരമുള്ള കോഴ്സുകളുടേയും സ്ഥാപനങ്ങളുടേയും വിവരം ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗീകാരമില്ലാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരി ക്കുന്നതിനായി ഒരു പത്രക്കുറിപ്പ് 25.08.2023 ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ആരോഗ്യ സർവ്വകലാശാല, സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, പി.എസ്.സി തുടങ്ങിയവ അംഗീകരിക്കാത്തതും, സംസ്ഥാന പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതുമായ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന വിവിധ സ്ഥാപനങ്ങൾ അനധികൃതമായി |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതായുള്ള നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളാ ആരോഗ്യ സർവ്വകലാശാലയുടേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റേയും അംഗീകാരമുള്ള കോഴ്സുകളുടേയും സ്ഥാപനങ്ങളുടേയും വിവരം ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗീകാരമില്ലാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്ക്കരി ക്കുന്നതിനായി ഒരു പത്രക്കുറിപ്പ് 25.08.2023 ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ